# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: **237** | **14.02.2013**-ൽ മറുപടിക്ക്

## <u>മെഡിക്കൽ കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ</u>

### <u>ചോദ്യം</u>

ഡോ. ടി.എം.തോമസ് ഐസക്
ശ്രീ. കെ.സുരേഷ് കുറുപ്പ്
ശ്രീ. എ.പ്രദീപ്കുമാർ
ശ്രീ. ബി.സത്യൻ

എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ സർക്കാർ എന്തൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്; ഏതൊക്കെ പദ്ധതികളാണ് പൂർത്തീകരിച്ചത്; ആയത് വിശദാംശം വ്യക്തമാക്കാമോ;

### <u>മറുപടി</u>

ശ്രീ.വി.എസ്.ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

എ) നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്ത് അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ 6549 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആധുനിക ഉപകരണങ്ങൾ സ്ഥാപിച്ച് പരിശോധനകളും ചികിത്സകളും കൂടുതൽ വികസിപ്പിക്കുന്നതിനും കൂടുതൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിച്ച് ചികിത്സാ സൗകര്യം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾക്കും മെയിന്റനൻസ് വർക്കുകൾക്കും വേണ്ടിയാണ് പ്രസ്തുത തുക ഉപയോഗിക്കുന്നത്. ഇത് കൂടാതെ, 5510 ലക്ഷം രൂപ അടങ്കൽ ചെലവിൽ താഴെ പറയുന്ന പദ്ധതികൾ പ്രകാരവും സർക്കാർ മെഡിക്കൽ കോളേജുകളിലെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്.

1) മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഖരമാലിന്യ നിർമ്മാർജ്ജനം - 400 ലക്ഷം രൂപ
2) കേരളത്തിലെ ടെലിഹെൽത്ത് & മെഡിക്കൽ വിദ്യാഭ്യാസ പ്രോജക്ട് - 10 ലക്ഷം രൂപ
3) PMSSY ക്ക് ഉള്ള സർക്കാർ മാച്ചിംഗ് ഗ്രാന്റ് - 600 ലക്ഷം രൂപ
4) മെഡിക്കൽ കോളേജ് ആശുപത്രികളിലെ മാതൃ-ശിശു ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ ക്രമീകരിക്കൽ - 400 ലക്ഷം രൂപ

5) തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ നിയോ-നാറ്റോളജി ഇന്റൻസീവ് കെയർ യൂണിറ്റ് - 400 ലക്ഷം രൂപ
6) മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കൽ - 100 ലക്ഷം രൂപ
7) മെഡിക്കൽ കോളേജ് ആശുപത്രികളിൽ അത്യാഹിത പരിചരണ വിഭാഗങ്ങൾ സ്ഥാപിക്കൽ - 2500 ലക്ഷം രൂപ
8) മൾട്ടി ഡിസിപ്ലിനറി റിസർച്ച് ലാബ് സ്ഥാപിക്കലും ആനിമൽ ഹൗസ് സൗകര്യങ്ങളുടെ നിലവാരം ഉയർത്തലും - 800 ലക്ഷം രൂപ
9) എല്ലാ മെഡിക്കൽ കോളേജുകളിലും നിയോ-നാറ്റോളജി ഐ.സി.യു. സ്ഥാപിക്കൽ - 100 ലക്ഷം രൂപ
10) മെഡിക്കൽ കോളേജുകളിൽ ലക്ചർ ഹാൾ കോംപ്ലക്സ് സ്ഥാപിക്കൽ - 200 ലക്ഷം രൂപ

മേൽപറഞ്ഞ പദ്ധതികൾ കൂടാതെ മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 766.50 ലക്ഷം രൂപ സംസ്ഥാന വിഹിതമായി ഉപയോഗിച്ച് താഴെപറയുന്ന കേന്ദ്രപദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. PMSSY പദ്ധതിപ്രകാരം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 100 കോടി രൂപയുടെ വികസന പ്രവർത്തനം പൂർത്തീകരിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിനുള്ള നടപടികൾക്ക് കേന്ദ്രസർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

2. തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിലെ പി.ജി. സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന വിഹിതമായി യഥാക്രമം 179 ലക്ഷം രൂപയും, 347.50 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന വഴി അനുവദിച്ച് പ്രസ്തുത കേന്ദ്രപദ്ധതി നടപ്പിലാക്കി വരുന്നു.

3. ആലപ്പുഴ, കോട്ടയം മെഡിക്കൽ കോളേജുകളിലെ റേഡിയോ തെറാപ്പി വിഭാഗത്തിലെ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ NPCDCS പദ്ധതിയിൻ കീഴിലുള്ള Tertiary Cancer Centre പരിപാടിയുടെ നടത്തിപ്പിനായി 120 ലക്ഷം രൂപ വീതം രണ്ട് കോളേജുകൾക്കും സംസ്ഥാന വിഹിതമായി നടപ്പ് വർഷം ഉപധനാഭ്യർത്ഥന വഴി വകയിരുത്തി പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പരിപാടിയിൻ കീഴിൽ കോഴിക്കോട് മെഡിക്കൽ കോളേജിലും റേഡിയോ തെറാപ്പി വിഭാഗത്തിന്റെ അടിസ്ഥാനവികസനത്തിനായുള്ള പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള അനുമതിക്കായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

4. കൂടാതെ താഴെ പറയുന്ന പദ്ധതികൾ മെഡിക്കൽ കോളേജുകളിൽ നടപ്പിലാക്കുന്നതിനായി വിഭാവനം ചെയ്തിട്ടുണ്ട്. ആയതിനുള്ള നിർദ്ദേശം കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

i) കോട്ടയം മെഡിക്കൽ കോളേജിന്റെ സമഗ്രവികസനം

ii) തൃശ്ശൂർ, കോട്ടയം മെഡിക്കൽ കോളേജിന്റെ സൈക്യാട്രി വിഭാഗം ശക്തിപ്പെടുത്തൽ

iii) തൃശ്ശൂർ, കോഴിക്കോട്, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ മൾട്ടി ഡിസിപ്ലിനറി റിസർച്ച് ലാബ് സ്ഥാപിക്കൽ

iv) കോഴിക്കോട് മെഡിക്കൽ കോളേജിൽ 'നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ & മാനേജ്മെന്റ് ഓഫ് ബേൺ ഇൻജ്വറിസ്' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം തേടി ടി കോളേജിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി.

v) ദേശീയപാതയോട് ചേർന്നുള്ള പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിലെ ട്രോമാകെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള കേന്ദ്രപദ്ധതി പ്രകാരം ധനസഹായം തേടി പ്രസ്തുത ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നിർദ്ദേശവും കേന്ദ്രസർക്കാരിന്

ബി) മെഡിക്കൽ കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം കൊണ്ടും പരിശോധനാ സൗകര്യങ്ങളുടെ അപര്യാപ്തത കൊണ്ടും പാവപ്പെട്ട രോഗികൾ സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടിവരുന്നത് സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ; ഇത് പരിഹരിക്കാനായി എന്തെങ്കിലും സമയബന്ധിത പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

സമർപ്പിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച പദ്ധതികളിൽ, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ PMSSY പദ്ധതി ഇതിനകം പൂർത്തീകരിച്ച് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നടപ്പുവർഷത്തെ ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള മറ്റ് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി ഇതിനകം നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം പുരോഗതിയിലാണ്.

മേൽപ്പറഞ്ഞ കേന്ദ്രപദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം ഉപധനാഭ്യർത്ഥന വഴി ബഡ്ജറ്റിൽ അധികമായി ഇതിനകം വകയിരുത്തിയിട്ടുണ്ട്. അവയുടെയെല്ലാം നിർവ്വഹണം പുരോഗതിയിലാണ്.

ബി) സർക്കാർ മെഡിക്കൽ കോളേജുകളിലെ അപര്യാപ്തത കൊണ്ട് പാവപ്പെട്ട ജനങ്ങൾ സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതി നിലവിലില്ല. പാവപ്പെട്ട രോഗികൾക്ക് കാരുണ്യ, ചിസ് തുടങ്ങിയ പദ്ധതികളിലൂടെ സർക്കാർ മെഡിക്കൽ കോളേജുകളിലൂടെ തികച്ചും സൗജന്യമായി മെച്ചപ്പെട്ട ചികിത്സ നൽകി വരുന്നുണ്ട്. മെഡിക്കൽ കോളേജുകൾ പൂർണ്ണമായും റഫറൽ സംവിധാനമാക്കുന്നതിനു വേണ്ടി ആരോഗ്യ വകുപ്പിലെ പി.എച്ച്.സി. മുതലുള്ള ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും അതുമൂലം മെഡിക്കൽ കോളേജ് ആശുപത്രികളിലെ രോഗികളുടെ ബാഹുല്യം കുറച്ച് മെച്ചപ്പെട്ട ചികിത്സ നൽകുന്നതിനുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനാവശ്യമായ കൂടുതൽ തസ്തികകളും സൃഷ്ടിച്ചുവരുന്നു. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും മൾട്ടി ഡിസിപ്ലിനറി ഐ.സി.യു. ഉൾപ്പടെ ആധുനിക ചികിത്സയ്ക്കാവശ്യമായ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

സെക്ഷൻ ഓഫീസർ